No.CEE/3601/K MAT-2021 /TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## എം.ബി.എ–2021, ബി.ഫാം (ലാറ്ററൽ എൻട്രി)–2020 കോഴ്സുകളിലേയ്ക്കുള്ള ഓൺലൈൻ പ്രവേശന പരീക്ഷ വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

### പ്രവേശന പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

- പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്തിട്ടുള്ള അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്ത് അഡ്മിറ്റ് കാർഡുമായി പരീക്ഷാ ദിവസം വിദ്യാർത്ഥികൾ പരീക്ഷാ കേന്ദ്ര ത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്
- റിപ്പോർട്ടിംഗ് അവസാനിച്ചു കഴിഞ്ഞാൽ കംപ്യൂട്ടർ അധിഷ്ഠിത പരീക്ഷാ രീതി പരിച യപെടുന്നതിനായി **'Mock Test'** നടത്തുന്നതായിരിക്കും.
- തുടർന്ന് കംപ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ നടക്കും. ഒന്നര മണിക്കൂർ ദൈർഘ്യമുള്ള ബി.ഫാം (ലാറ്ററൽ എൻട്രി–2020) പരീക്ഷയും മൂന്ന് മണിക്കൂർ ദൈർഘ്യമുള്ള കെ.മാറ്റ് പരീക്ഷയുമായിരിക്കും നടക്കുക.
- ഒബ്ജക്ടീവ് മാതൃകയിലുള്ള ബി.ഫാം (ലാറ്ററൽ എൻട്രി–2020) പരീക്ഷയ്ക്ക് 120 മൾട്ടി പ്പിൾ ചോയ്സ് ചോദ്യങ്ങളും കെ.മാറ്റ് പരീക്ഷയ്ക്ക് 180 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങ ളും ഉണ്ടാകും.
- കമ്പ്യൂട്ടറിൽ ലോഗിൻ ചെയ്യുന്നതിനായി റിപ്പോർട്ടിംഗ് പോയിന്റിൽ നിന്നും വിതരണം ചെയ്യുന്ന **'Access card'** ൽ വിദ്യാർത്ഥികളുടെ സീറ്റ് നമ്പർ, യൂസർ നെയിം, പാസ്‌വേഡ് എന്നിവ അടങ്ങിയിരിക്കും.
- പരീക്ഷയ്ക്കെത്തുന്ന വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ (ആധാർ/വോട്ടർ ഐഡി/ഡ്രൈവിഗ് ലൈസൻസ്/പാൻ കാർഡ് എന്നിവയിലേതെ ങ്കിലും) കൊണ്ടുവരേണ്ടതാണ്.
- കാൽക്കുലേറ്റർ, മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച് തുടങ്ങിയ ഇലക്ട്രോണിക്ക് ഉപ കരണങ്ങൾ കൈവശം വയ്ക്കാൻ പാടില്ല. പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ പ്രവേശന പരീക്ഷ അവസാനിക്കുന്നതിന് മുമ്പ് വിദ്യാർത്ഥികളെ പുറത്തു പോകാൻ അനുവദിക്കുന്നതല്ല.
- കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ച എല്ലാ മാനദണ്ഡ ങ്ങളും സുരക്ഷാ ക്രമീകരണങ്ങളും പ്രവേശന പരീക്ഷാ നടത്തിപ്പിലും ബാധകമായിരി ക്കും. ഓൺലൈൻ പരീക്ഷ അഭിമുഖീകരിക്കുന്ന എല്ലാ വിദ്യാർത്ഥികളും/രക്ഷിതാ ക്കളും സർക്കാർ, ആരോഗ്യ വകുപ്പ് സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ട താണ്.
- പരീക്ഷാ കേന്ദ്രത്തിലെത്തുന്ന വിദ്യാർത്ഥികൾ സാമൂഹിക അകലം പാലിക്കേണ്ടതും, മാസ്ക് ധരിക്കേണ്ടതും, ആവശ്യമെങ്കിൽ ഗ്ലൗസ് ധരിക്കേണ്ടതുമാണ്.
- രക്ഷിതാക്കൾ ഓൺലൈൻ പരീക്ഷ നടക്കുന്ന കെട്ടിടത്തിലേയ്ക്ക് പ്രവേശിക്കാൻ പാടു ള്ളതല്ല.
- ഒരു കവാടത്തിലൂടെ മാത്രമേ പരീക്ഷാ കേന്ദ്രത്തിലേയ്ക്ക് പ്രവേശനം അനുവദിക്കുക യുള്ളൂ. ഇവർ പരീക്ഷാപൂർത്തിയാക്കി തിരികെ പോകുമ്പോഴും അധികൃതരുടെ നിർദ്ദേ

ശങ്ങൾ പാലിക്കേണ്ടതാണ്. (ഒരേ സമയം 20 വീതം വിദ്യാർത്ഥികളെയാണ് അകത്തേക്കും പുറത്തേക്കും അനുവദിക്കുന്നത്.)

- വിദ്യാർത്ഥികൾ അവശ്യം വേണ്ട സാമഗ്രികൾ (പേന, പെൻസിൽ, വെള്ളം, ലഘുഭക്ഷണം) എന്നിവ കൈയ്യിൽ കരുതേണ്ടതും അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്.
- ഇൻവിജിലേറ്റർമാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- പരീക്ഷാ ഹാളിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അനുവദിച്ചിരിക്കുന്ന ഇരിപ്പിടത്തിൽ മാത്രമേ ഇരിക്കാൻ പാടുള്ളൂ. പരീക്ഷാ ഹാളിൽ സാമൂഹിക അകലം പാലിക്കേണ്ടതും ഹാളിന്റെ മറ്റ് ഭാഗങ്ങളിലേയ്ക്ക് സഞ്ചരിക്കാൻ പാടില്ലാത്തതുമാണ്.
- വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ച റിപ്പോർട്ടിംഗ് സമയത്തു തന്നെ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്. പരീക്ഷ കേന്ദ്രത്തിൽ സമയത്തിന് വളരെ മുമ്പ് ഹാജരാകുകയോ കൂട്ടം കൂടി നിൽക്കാനുള്ള സാഹചര്യം ഉണ്ടാകാനോ പാടുള്ളതല്ല.
- ക്വാറന്റൈനിലുള്ള വിദ്യാർത്ഥികൾ, രോഗ ലക്ഷണമുള്ള വിദ്യാർത്ഥികൾ എന്നിവർ നിശ്ചിത സമയത്ത് സ്വന്തമായി ഏർപ്പാട് ചെയ്തിട്ടുള്ള വാഹനത്തിൽ മാത്രം പരീക്ഷാ കേന്ദ്രത്തിൽ എത്തേണ്ടതും, ഇവരും രക്ഷിതാക്കളും മറ്റുള്ളവരിൽ നിന്ന് അകലം പാലിക്കുകയും, പരീക്ഷാ കേന്ദ്രത്തിലെ ബന്ധപ്പെട്ട അധികാരികൾക്ക് മുൻകൂർ അറിയിപ്പ് നൽകുകയും ചെയ്യേണ്ടതുമാണ്.
- ഉപയോഗശേഷമുള്ള മാസ്ക്, കൈയുറകൾ എന്നിവ വലിച്ചെറിയാതെ അതിനായി സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിക്ഷേപിക്കേണ്ടതാണ്. പരീക്ഷാ കേന്ദ്രത്തിലേക്ക് പുറപ്പെടുന്നത് മുതലുള്ള സമയദൈർഘ്യമനുസരിച്ച് ഒന്നിലധികം മാസ്ക് വേണ്ടവർ കൈയിൽ കരുതേണ്ടതാണ്.
- പരീക്ഷയുമായി ബന്ധപ്പെട്ട് സഹായം ആവശ്യമായി വരുന്ന വിദ്യാർത്ഥികൾക്ക് (ക്വാറന്റൈനിലുള്ള വിദ്യാർത്ഥികൾ, രോഗ ലക്ഷണമുള്ള വിദ്യാർത്ഥികൾ) അഡ്മിറ്റ് കാർഡിൽ ലഭ്യമായ ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

.

ഹെൽപ് ലൈൻ നം: 0471 2525300

Seetha

തിരുവനന്തപുരം
03.04.2021

പ്രവേശന പരീക്ഷാ കമ്മീഷണർ